രക്ഷയുടെ പാതയിൽ-൭



൭

# സഭ ആരാധന സമൂഹം

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

# ഉള്ളടക്കം

1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവത്സരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

പാഠം 11

# സൗഖ്യദായക കൂദാശകൾ





## നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു, ഇനിമേൽ പാപം ചെയ്യരുത്.

❖ അനുരഞ്ജനകൂദാശ, രോഗിലേപനം എന്നീ കൂദാശകൾ സുവിശേഷമാംവിധം പാപമോചനവും സൗഖ്യവും നൽകുന്നു. അതിനാൽ അവയെ സൗഖ്യദായക കൂദാശ കൾ എന്നു പറയുന്നു.

## അനുരഞ്ജന കൂദാശ

- പാപങ്ങളിൽ നിന്നു മോചനവും വീണ്ടും പാപം ചെയ്യാതിരിക്കാനാവശ്യമായ ശക്തിയും നൽകി ദൈവത്തോടും സഹോദരരോടും നമ്മെ രമ്യപ്പെടുത്തുന്ന കൂദാശയാണിത്.

## അനുരഞ്ജനം നാലു തലങ്ങളിൽ

- പാപം വഴി ദൈവവും മനുഷ്യനുമായുള്ള പിതൃപുത്ര ബന്ധം ഉലയുന്നു; സഹോദരങ്ങളോടുള്ള ബന്ധം ശിഥിലമാകുന്നു. തന്നോടുതന്നെയുള്ള ബന്ധവും പ്രപഞ്ചത്തോടുള്ള ബന്ധവും വികലമായിത്തീരുന്നു. ഇപ്രകാരം പാപം വഴി നാലു തലങ്ങളിലും തകരുന്ന ബന്ധം അനുരഞ്ജനകൂദാശ പുനഃസ്ഥാപിക്കുന്നു.

## അനുരഞ്ജനകൂദാശ ഏറ്റുപറച്ചിലിന്റെ കൂദാശ



- പാപങ്ങളുടെ ഏറ്റുപറച്ചിൽ മാനുഷിക വീക്ഷണത്തിൽ പോലും നമ്മെ സ്വതന്ത്രരാക്കുകയും മറ്റുള്ളവരോടു രമ്യപ്പെടുവാൻ സഹായിക്കുകയും ചെയ്യുന്നു. ഈ കൂദാശയുടെ ഏറ്റുപറച്ചിലിന്റെ സ്വഭാവം സൂചിപ്പിക്കാനാണ് കുമ്പസാരം എന്ന പേര് ഈ കൂദാശയ്ക്ക് നൽകിയിരിക്കുന്നത്.

## ക്ഷമിക്കലിന്റെയും പാപമോചനത്തിന്റെയും കൂദാശ

- ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം നമുക്ക് അനുഭവവേദ്യമാക്കിത്തരുന്ന ക്ഷണിക്കലിന്റെയും പാപമോചനത്തിന്റെയും കൂദാശയാണ് അനുരഞ്ജനകൂദാശ.



# പാപമോചനം പുരോഹിതനിലൂടെ



- പാപങ്ങൾ മോചിക്കാനുള്ള അധികാരം മിശിഹാ തന്റെ സഭയെ ഭരമേൽപ്പിച്ചിരിക്കുന്നു. സഭയുടെ പ്രതിനിധിയായ പുരോഹിതരിലൂടെയാണ് ഈ കൂദാശ പരികർമ്മം ചെയ്യപ്പെടുന്നത്.

അനുരഞ്ജനകൂദാശ ഫലപ്രദമായി സ്വീകരിക്കുന്നതിന് അഞ്ചു കാര്യങ്ങൾ നാം വിശദമായി മനസ്സിലാക്കേണ്ടതുണ്ട്.

## ആത്മശോധന

കഴിഞ്ഞ കുമ്പസാരത്തിനുശേഷമുള്ള ജീവിതം ദൈവസന്നിധിയിൽ പരിശോധിച്ച് വന്നുപോയ വീഴ്ചകൾ കണ്ടെത്തേണം.

## മനസ്താപം

പാപത്തിന്റെ വഴികളെ പൂർണമായും ഉപേക്ഷിച്ച് ഈശോയുടെ വഴിയിലേക്ക് തിരിച്ചുവരാനുള്ള മനോഭാവമാണ് മനസ്താപത്തിന്റെ കാതൽ.

## പ്രതിജ്ഞ

ശരിയായ മനസ്താപം തെറ്റുകൾ ആവർത്തിക്കുകയില്ലെന്ന ദൃഢനിശ്ചയത്തിലേക്ക് നയിക്കും. പാപസാഹചര്യങ്ങളെ ഒഴിവാക്കാനുള്ള ഉറച്ചതീരുമാനവും ഉണ്ടാകും. ഈ ദൃഢനിശ്ചയവും തീരുമാനവുമാണ് പ്രതിജ്ഞ. പ്രതിജ്ഞ നിറവേറ്റുവാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ദൃഢചിത്തതയോടെ പരിശ്രമിക്കുകയും വേണം.

## ഏറ്റുപറച്ചിൽ


എല്ലാ പാപങ്ങളും വൈദികനോടു നാം ഏറ്റുപറയണം. ഗൗരവമായ പാപങ്ങളുടെ എണ്ണവും സ്വഭാവവും വ്യക്തമായി പറയണം. ഈശോയോടും സഭയോടുമുള്ള നമ്മുടെ തുറന്ന മനോഭാവമാണ് ഇതുവഴി നാം പ്രകടിപ്പിക്കുന്നത്.

## പ്രായശ്ചിത്തം

വൈദികൻ നൽകുന്ന പ്രായശ്ചിത്തം ശ്രദ്ധിച്ചു കേൾക്കുകയും നിറവേറ്റുകയും ചെയ്യണം.

## രോഗീലേപനം

- പാപമോചനവും രോഗ സൗഖ്യവും നൽകി നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്ന കൂദാശയാണ് രോഗീലേപനം. ദൈവകാരുണ്യത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ജീവിതത്തിലുാകുന്ന ക്ലേശങ്ങളെയും രോഗങ്ങളെയും വേദനകളെയും സമചിത്തതയോടെ സ്വീകരിക്കാൻ രോഗിലേപനമെന്ന കൂദാശ നമ്മെ ശക്തരാക്കുന്നു. ആവശ്യമെങ്കിൽ ഒന്നിൽകൂടുതൽ പ്രാവശ്യം ഈ കൂദാശ സ്വീകരിക്കാവുന്നതാണ്.



## കർമ്മക്രമം

കാർമികൻ രോഗിയുടെ മുറിയിൽ വിശുദ്ധ ജലം തളിക്കുന്നു. നെറ്റിയിലും കണ്ണുകളിലും ചെവികളിലും അധരങ്ങളിലും കൈകളിലും കാലുകളിലും തൈലംപൂശിക്കൊണ്ട് ആ അവയവങ്ങൾ വഴി വന്നുപോയ തെറ്റുകൾ ദൈവം ക്ഷമിക്കുന്നതിനായി ദൈവത്തിന്റെ കാരുണ്യം യാചിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിന്റെയും വിശുദ്ധ തോമ്മാശ്ലീഹായുടെയും സകല വിശുദ്ധരുടെയും സഹായം രോഗിക്കുവേി യാചിക്കുകയും ചെയ്യുന്നു. രോഗിയെയും സമൂഹത്തെയും ആശീർവദിച്ചതിനു ശേഷം രോഗിയെ കുരിശുമുത്തിക്കുന്നു.



ദൈവവചനം

വായിക്കാം, ധ്യാനിക്കാം

(1കോറി. 11:27-31)



## ഓർമ്മിക്കാൻ ഒരു തിരുവചനം

നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും

(യോഹ. 20:20).

# നമുക്കു പ്രാർത്ഥിക്കാം

**പാപമോചനവും സൗഖ്യവും നല്കി ചുറ്റിസഞ്ചരിച്ച ഈശോയേ, പാപങ്ങളിൽ നിന്ന് മോചനം പ്രാപിച്ച് വിശുദ്ധിയുടെ മാർഗ്ഗത്തിൽ ചരിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ.**

# എന്റെ തീരുമാനം

**ആഴ്ചയിൽ ഒരിക്കൽ ഞാൻ അനുരഞ്ജന കൂദാശ സ്വീകരിക്കും.**

## സഭാപിതാക്കന്മാർ പറയുന്നത്

**ഏതസുഖത്തിനും മരുന്നുണ്ട്. സാത്താന്റെ ആക്രമണത്താൽ മുറിവേറ്റവൻ രോഗവിവരം വൈദികനെ അറിയിച്ച് ഭിഷഗ്വരനോടു പ്രതിവിധിതേടണം. പാപം ഏറ്റുപറയുന്നവരോടു ദൈവം ക്ഷമിക്കുന്നു** (അഫ്രാത്തസ്).

Thank you